**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4733** **20-07-2022 - ൽ മറുപടിയ്ക്ക്**

**പൊതുമരാമത്ത് വകുപ്പിലെ പരിഷ്കരണങ്ങൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ ഡി കെ മുരളി** | | **ശ്രീ. പി.എ.മുഹമ്മദ് റിയാസ് (പൊതുമരാമത്ത്-വിനോദസഞ്ചാര, യുവജനകാര്യ വകുപ്പ് മന്ത്രി)** | |
| (എ) | ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം പൊതുമരാമത്ത് വകുപ്പിൽ എന്തെല്ലാം പരിഷ്കരണങ്ങളാണ് നടപ്പാക്കിയിട്ടുള്ളതെന്ന് വിശദമാക്കാമോ; | (എ) | ഈ സർക്കാർ അധികാരത്തിൽ വന്നതിന് ശേഷം പൊതുമരാമത്ത് വകുപ്പിനു കീഴിൽ പ്രവൃത്തികൾ നടപ്പാക്കുന്നതിലെ തടസ്സങ്ങൾ പരിഹരിക്കുന്നതിനും വിവിധ വകുപ്പുകൾ തമ്മിലുള്ള ഏകോപനം സുഗമമാക്കുന്നതിനുമായി District Infrastructure co-ordination Committees രൂപീകരിച്ചിട്ടുണ്ട്. "തൊട്ടറിയാം പി.ഡബ്ല്യൂ.ഡി" എന്ന വെബ്-സൈറ്റിലൂടെ പൊതുജനങ്ങൾക്കും, ജനപ്രതിനിധികൾക്കും, കരാറുകാർക്കും പ്രവൃത്തികളുടെ വിശദവിവരങ്ങൾ ലഭ്യമാകും. PWD 4U ആപ്പിലൂടെ പൊതുജനങ്ങൾക്ക് പരാതികളും നിർദേശങ്ങളും സമർപ്പിക്കാനുള്ള അവസരമുണ്ട്. റസ്റ്റ് ഹൗസുകളിൽ ഓൺലൈൻ ബുക്കിംഗ് സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ട്. കുറഞ്ഞ നിരക്കിൽ പൊതുജനങ്ങൾക്കായി റസ്റ്റ് ഹൗസുകൾ തുറന്നു കൊടുത്തു. പൊതുമരാമത്ത് വകുപ്പുമായി ബന്ധപ്പെട്ട പരാതികളും നിർദ്ദേശങ്ങളും തൽസമയം വകുപ്പ് മന്ത്രിയെ നേരിട്ട് അറിയിക്കുവാനുള്ള സംവിധാനമായ "റിംഗ് റോഡ്" എന്ന ഫോൺ ഇൻ പരിപാടി ആരംഭിച്ചു. ബന്ധപ്പെട്ട എം.എൽ.എ യെ ഉൾപ്പെടുത്തി സൂപ്രണ്ടിംഗ് എഞ്ചിനീയർ/എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ നേതൃത്വത്തിൽ യോഗങ്ങളിലൂടെ പദ്ധതി പുരോഗതി വിലയിരുത്താനുള്ള സംവിധാനമായ മണ്ഡലതല നിരീക്ഷണ സമിതി രൂപീകരിച്ചു. PRICE 3 സോഫ്റ്റ് വെയർ അപ്ഗ്രേഡ് ചെയ്തു. വകുപ്പിൽ ഇ-ഓഫീസ് സംവിധാനം നടപ്പിലാക്കി. ഓരോ പ്രവൃത്തിയുടെയും പരിപാലനകാലം, ബന്ധപ്പെട്ട കരാറുകാരൻ, പൊതുമരാമത്ത് ഉദ്യോഗസ്ഥൻ എന്നിവരുടെ വിവരങ്ങൾ ഉൾപ്പെടുത്തി നിർമ്മാണ സ്ഥലത്ത് ബോർഡ് സ്ഥാപിക്കാൻ നടപടി സ്വീകരിച്ചു. |

| | | | |
|---|---|---|---|
| | | | ഗുണനിലവാര പരിശോധനകൾ കൂടുതൽ കാര്യക്ഷമമാക്കി. ഗ്രീൻ ബിൽഡിംഗ് പദ്ധതി ആരംഭിച്ചു. Composite tender, റണ്ണിംഗ് കോൺട്രാക്ട്, കോൺട്രാക്ടേഴ്സ് ഇൻസെന്റീവ്, ആട്ടോമേറ്റഡ് മൊബൈൽ ക്വാളിറ്റി ടെസ്റ്റിംഗ് ലാബ്, ടാസ്ക് ഫോഴ്സ് തുടങ്ങിയവയും നടപ്പാക്കുന്നുണ്ട്. |
| (ബി) | പുതിയതായി എന്തെങ്കിലും പരിഷ്കരണങ്ങൾ കൊണ്ടുവരാൻ ഇപ്പോൾ ആലോചിക്കുന്നുണ്ടോയെന്ന് വ്യക്തമാക്കാമോ? | (ബി) | പൊതുമരാമത്ത് വകുപ്പിന്റെ പ്രവൃത്തികൾ സമയബന്ധിതമായും ഉന്നത ഗുണനിലവാരത്തിലും പൂർത്തീകരിക്കുവാൻ ആവശ്യമായ പരിഷ്കാരങ്ങൾ കാലാകാലങ്ങളിൽ ആവശ്യകത അനുസരിച്ച് നടപ്പിലാക്കി വരുന്നു. |

സെക്ഷൻ ഓഫീസർ